# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2659

19/07/2011 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പി.എസ്.സി. വഴി നൽകിയ നിയമനങ്ങൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേന 2006 ജൂൺ 1 മുതൽ 2011 മാർച്ച് 31 വരെ എത്ര പേർക്ക് സംസ്ഥാനത്ത് തൊഴിൽ ലഭിക്കുകയുണ്ടായി; അതിന്റെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) 2006 ജൂൺ 1 മുതൽ 2011 മാർച്ച് വരെ 1,60,805 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നല്കിയിട്ടുണ്ട്. 2008 വരെ നിയമന ശിപാർശ നല്കിയവരുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമല്ല. 2009 ജനുവരി മുതൽ 2011 മാർച്ച് 31 വരെ നിയമന ശിപാർശ നടത്തിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത കാലയളവിൽ പി.എസ്.സി.യുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനകം നടത്തിയ എല്ലാ നിയമനങ്ങൾ സംബന്ധിച്ചും സമഗ്രമായ ഒരു വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൻ കീഴിൽ ഒരു സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ഈ സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷനു പുറമെ പി.എസ്.സി. യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. |
| (സി) പി.എസ്.സി. പരീക്ഷകൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ? | (സി) പി.എസ്.സി. പരീക്ഷകളും തുടർന്നുള്ള നിയമനങ്ങളും കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട്.<br>❖ 31/12/2010 മുതൽ ക്ഷണിക്കുന്ന വിജ്ഞാപനങ്ങൾക്കനുസൃതമായി അപേക്ഷ സമർപ്പിക്കുമ്പോൾ ഉദ്യോഗാർത്ഥികൾ ഫോട്ടോ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

- പി.എസ്.സി.യിലെ ഉദ്യോഗസ്ഥരെ കഴിയുന്നത്ര പരീക്ഷാ കേന്ദ്രങ്ങളിൽ അഡീഷണൽ ചീഫ് സൂപ്രണ്ടുമാരായി നിയമിച്ചിട്ടുണ്ട്.
- ഇലക്ട്രോണിക് ഗാഡ്ജറ്റ്സ് പരീക്ഷ നടക്കുന്ന ക്യാംപസ്സുകളിൽ കർശനമായി നിരോധിച്ചിട്ടുണ്ട്.
- പരീക്ഷ, ഇന്റർവ്യൂ, പ്രായോഗിക പരിക്ഷ, കായികക്ഷമതാ പരീക്ഷ, അസ്സൽ പ്രമാണ പരിശോധന എന്നിവയ്ക്ക് ഫോട്ടോ പതിച്ച ഒപ്പിട്ട തിരിച്ചറിയൽ പത്രികയും അതിന്റെ പകർപ്പും നിർബന്ധമാക്കിയിട്ടുണ്ട്.
- നിയമനാധികാരികൾക്ക് നിയമന ശിപാർശാലിസ്റ്റ് നൽകുമ്പോൾ പി.എസ്.സി.യുടെ ലോഗോ പതിച്ചിരിക്കും. ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടെന്ന വിവരം അക്കത്തിലും അക്ഷരത്തിലും ചുവപ്പ് മഷികൊണ്ട് രേഖപ്പെടുത്തുകയും ചെയ്യുന്നതാണ്.
- നിയമനശിപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ സ്കാൻ ചെയ്ത കോപ്പി മാത്രമേ നിയമനാധികാരിയ്ക്ക് നൽകുകയുള്ളൂ.
- നിയമനത്തിനായി ശിപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിലുള്ള ഫോട്ടോയിൽ പി.എസ്.സി.യിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പും സീലും പതിച്ചിരിക്കും.
- പുതുതായി നിയമിക്കുന്ന എല്ലാ ജീവനക്കാരെയും റഗുലറൈസ് ചെയ്യുന്നതിനു മുൻപ് പി.എസ്.സി.യുടെ ഒരു വെരിഫിക്കേഷൻ കൂടി ഉണ്ടാകണമെന്നും ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

-( [illegible] )